പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2288 — 23.03.2012-ൽ മറുപടിയ്ക്ക്

## തലശ്ശേരി സർക്കസ് അക്കാദമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | തലശ്ശേരി സർക്കസ് അക്കാദമിക്കായി സർക്കാർ ഇതിനകം എത്ര തുക നീക്കിവെച്ചെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വെളിപ്പെടുത്താമോ ; | (എ) | ഇതിനായി 2008-09-ൽ 25 ലക്ഷം രൂപയും 2010-11-ൽ 60 ലക്ഷം രൂപയും 2011-12-ൽ ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2008-09-ൽ വകയിരുത്തിയ 25 ലക്ഷം രൂപയും 2010-11-ൽ 50,000 രൂപയും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി ഇതുവരെ 16,89,737 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | സർക്കസ് അക്കാദമിക്കായുള്ള സ്ഥലമെടുപ്പ് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) | സർക്കസ് അക്കാഡമി സ്ഥാപിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള കരട് പ്രഖ്യാപനം ഗസറ്റിൽ പരസ്യപ്പെടുത്തി ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലാതല പർച്ചേസ് കമ്മിറ്റി ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രാരംഭനടപടി എന്ന നിലയിൽ തലശ്ശേരിയിലെ ധർമ്മടം ചിറക്കുനി എന്ന സ്ഥലത്ത് ഒരു വാടകകെട്ടിടത്തിൽ താല്ക്കാലികമായി അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സർക്കസ് അക്കാദമിയുടെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി സർക്കാർ ഇതിനകം എന്തെല്ലാം പ്രവർത്തങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ.